**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3404** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ തലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനുംവേണ്ട പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നുണ്ട്. |
| (സി) | സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | പൂർണ്ണമായി നടപ്പിലായിട്ടില്ല. |
| (ഡി) | സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്കൂളുകളിൽ വിദ്യാലയ ജാഗ്രത സമിതി രൂപീകരണം, വിദ്യാലയ ജാഗ്രത, ബ്രിഗേഡുകളുടെ രൂപീകരണം, സ്കൂൾതല ഡ്രോപ്പ് ബോക്സ് സ്ഥാപിക്കൽ, മെഡിക്കൽ-ദന്ത പരിശോധന ക്യാമ്പ്, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര നിർമ്മാണം, അമ്മ റിസോഴ്സ് ഗ്രൂപ്പ് (ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക്), സ്പോർട്സ്, യോഗ, സൈക്ലിംഗ്,പട്ടം പറത്തൽ (കുട്ടികൾക്ക് ആവേശവും താൽപര്യവും ഉണർത്തുന്ന കായിക ഇനം), ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക സംവാദ സദസ്സ്, കുട്ടികൾക്കുള്ള ലൈഫ് സ്കിൽ പരിശീലനം, എക്സിബിഷൻ കം വെൽനസ് പ്രോഗ്രാമുകൾ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ